## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5295 — 27.07.2015 ൽ മറുപടിയ്ക്ക്

# ആസ്തി വികസന സ്കീമിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എസ്.ശർമ്മ | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) എം.എൽ.എ. ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കടമക്കുടി, എളങ്കുന്നപ്പുഴ എന്നീ സർക്കാർ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാതെ അനിശ്ചിതമായി നീണ്ടുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിർമ്മാണം നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ;<br>(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ? | (ബി) & (സി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന എളങ്കുന്നപ്പുഴ സർക്കാർ സ്കൂളിലെ കെട്ടിട നിർമ്മാണ പ്രവൃത്തി, ഉടമ്പടി പ്രകാരം പൂർത്തിയാകേണ്ടിയിരുന്ന തീയതി 22.01.2015 ആയിരുന്നുവെങ്കിലും 31.05.2015 വരെ കാലാവധി നീട്ടിക്കൊടുക്കുകയും 29.05.2015 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കടമക്കുടി സർക്കാർ സ്കൂളിലെ കെട്ടിട നിർമ്മാണ പ്രവൃത്തി, കരാറുകാരന് ഫണ്ട് ലഭ്യമാകാത്തതിനാൽ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയായിരുന്നു. പ്രസ്തുത പ്രവൃത്തി ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ